സി.ജി (3) 27511/09 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 18.1.2013

**Email : keralarcs@coop.kerala.gov.in**
**Website : www co.operation. kerala.gov.in**
**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 5/2013

**വിഷയം:** സഹകരണ വകുപ്പ് – സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടിള്ളതും, ദീർഘകാലമായി ഈടാക്കാതെയും, കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നത്–തീവ്രയത്ന പരിപാടി– ഉണർവ്വ് 2012 കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

**സൂചന:**
1. **സഹകരണ സംഘം രജിസ്ട്രാറുടെ 5.3.2012 തീയതിയിലെ 9/2012–ാം നമ്പർ സർക്കുലർ.**
2. **ഈ ആഫീസിലെ 18.6.12 തീയതിയിലെ ഇതേ നമ്പർ കത്ത്.**
3. **ഈ ആഫീസിലെ 11.9.12 തീയതിയിലെ ഇതേ നമ്പർ കത്ത്.**
4. **ഈ ആഫീസിലെ 20.11.12 തീയതിയിലെ ഇതേ നമ്പർ കത്ത്.**

.................

സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും, ദീർഘകാലമായി ഈടാക്കാതെയും, കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ ആഡിറ്റ് സർട്ടിഫി ക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2012 മാർച്ച് 15 മുതൽ സെപ്റ്റംബർ 15 വരെ 'ഉണർവ്വ് 2012' എന്ന പേരിൽ തീവ്രയത്ന പരിപാടി സംഘടിപ്പിക്കുന്നതിന് തീരുമാനി ക്കുകയും സൂചന (1) പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തീവ്രയത്ന പരിപാടി രണ്ട് ഘട്ടമായി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും മാർച്ച് 15 മുതൽ ജൂൺ 15 വരെ ഒന്നാം ഘട്ടവും, തുടർന്ന് 2012 ജൂൺ 16 മുതൽ സെപ്റ്റംബർ 15 വരെ രണ്ടാം ഘട്ടവും സംഘടിപ്പിക്കുന്നതിനും, ഒന്നാം ഘട്ടത്തിൽ വായ്പ സംഘങ്ങൾ/ബാങ്കുകളെയും, രണ്ടാം ഘട്ടത്തിൽ വായ്പേതര സംഘങ്ങളെയും സംബന്ധിച്ചാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഒന്നാം ഘട്ടം ജൂൺ 15–ന് അവസാ നിച്ച സാഹചര്യത്തിൽ രണ്ടാം ഘട്ടം ത്വരിതപ്പെടുത്തുന്നതിനും, അതോടൊപ്പം ഒന്നാം ഘട്ടം തുടരുന്നതിനും സൂചന (2) പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന്

സൂചന (3) പ്രകാരം **15.11.2012** വരെയും, സൂചന (4) പ്രകാരം 2012 ഡിസംബർ 31 വരെയും ക്യാമ്പയിൻ ദിർഘിപ്പിക്കുകയുണ്ടായി.

ക്യാമ്പയിൻ സംബന്ധിച്ച് ജില്ലകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ സംഘങ്ങൾ/ബാങ്കുകളുടെ പൊതുയോഗം കൂടി നടപടി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതായും ആയതിന് കൂടുതൽ സാവകാശം ആവശ്യമാണെന്നും വിലയിരുത്തുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2012 മാർച്ച് 15 മുതൽ സംഘടിപ്പിച്ചു വരുന്ന ഉണർവ്വ് 2012 തീവ്രയത്ന പരിപാടിയുടെ കാലപരിധി 2013 ഫെബ്രുവരി 14 വരെ ദിർഘിപ്പിച്ച് ഉത്തരവാകുന്നു. സംഘങ്ങൾ/ബാങ്കുകൾ ഉണർവ്വ് ക്യാമ്പയിൻ സംബന്ധിച്ച നടപടി ക്രമങ്ങൾ 2013 ഫെബ്രുവരി 14 നകം തന്നെ പൂർത്തിയാക്കേണ്ടതാണ്. ജില്ലാ തലത്തിൽ തീർപ്പു കൽപ്പിക്കാൻ കഴിയാത്ത പ്രൊപ്പൊസലുകൾ ജില്ലാ തല കമ്മിറ്റിയുടെ തീരുമാന സഹിതം 2013 ഫെബ്രുവരി 14 നകം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. നിഷ്കർഷിച്ചിട്ടുള്ള പ്രൊഫോർമയിൽ ക്യാമ്പയിന്റെ പുരോഗതി റിപ്പോർട്ട് തുടർന്നും 15 ദിവസത്തിലൊരിക്കൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. 2013 മാർച്ച് 10 നകം അന്തിമ പുരോഗതി റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലയ്ക്കകത്ത് ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്നതും, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതുമായ അപ്പക്സ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാത്തരം സഹകരണ സംഘങ്ങൾ/ബാങ്കുകളുടെയും പുരോഗതി റിപ്പോർട്ട് അതാതു ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ക്യാമ്പയിൻ നടപടി ക്രമങ്ങൾ സംബന്ധിച്ച് സൂചന (1) സർക്കുലറിലെ മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ തുടരുന്നതാണ്. സർക്കുലർ നിർദ്ദേശങ്ങൾ എല്ലാ സംഘങ്ങൾ/ബാങ്കുകളുടെയും ശ്രദ്ധയിൽ കൊണ്ടു വന്നു നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ക്യാമ്പയിൻ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

**ഒപ്പ്,**
**വി.സനൽകുമാർ ഐ.എ.എസ്**
**സഹകരണസംഘം രജിസ്ട്രാർ**